# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 259** **10.03.2017-ൽ മറുപടിയ്ക്ക്**

**<u>സി.ആർ.ഇസഡ്. പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ</u>**

| <u>ചോദ്യം</u><br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.പി.ടി. തോമസ് | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സി.ആർ.ഇസഡ് പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ അവരുടെ ഭൂമിയിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ), ഇല്ല. എന്നാൽ കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപ അടങ്കൽ തുക വരുന്ന പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) ഈ പദ്ധതി പ്രകാരം എന്ത് തുകയാണ് ഓരോ കുടുംബത്തിനും നൽകുന്നത്; | |
| സി) ഈ പദ്ധതി അനുസരിച്ച് ഇതുവരെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് മാറ്റിപ്പാർപ്പിച്ചു; | |
| ഡി) ഈ പദ്ധതിക്കെതിരെ മത്സ്യത്തൊഴിലാളികളിൽ നിന്നും എതിർപ്പുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ബി), സി), & ഡി) ബാധകമല്ല |

സെക്ഷൻ ആഫീസർ